# “അവർ ലോകത്തിലാണ്, എന്നാൽ ലോകത്തിന്റേതല്ല”

ഇടയലേഖനം 2020



ബിഷപ്പ് പോൾ ഹിന്റർ OFM Cap.

# “അവർ ലോകത്തിലാണ്, എന്നാൽ ലോകത്തിന്റേതല്ല”

**ഇടയലേഖനം 2020**

**അപ്പസ്തോലിക് വികാരിയേറ്റ് ഓഫ്**
**നോർത്തേൺ ആന്റ് സതേൺ അറേബ്യയിലെ**
**എല്ലാ വിശ്വാസികൾക്കും വേണ്ടിയുള്ളത്**

ബിഷപ്പ് പോൾ ഹിന്റർ O. F. M. Cap.

“ലോകത്തിൽ നിന്ന് അവരെ എടുക്കണം എന്നല്ല, ദുഷ്ടനിൽ നിന്ന് അവരെ കാത്തുകൊള്ളണം എന്നാണ് ഞാൻ പ്രാർത്ഥിക്കുന്നത്” (യോഹ. 17:15)

ക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

സമാധാനം നിങ്ങളോടു കൂടെ,

1. വളരെ പ്രയാസകരമായ ഒരു കാലഘട്ടത്തിലൂടെയാണ് നാമിന്ന് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. കോവിഡ്-19 എന്ന മഹാമാരി പലതരത്തിൽ നമ്മുടെ ജീവിതത്തെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിങ്ങളുമായി ചില ചിന്തകൾ ഞാൻ പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. യോഹന്നാന്റെ സുവിശേഷ ത്തിലെ ഒരു വാക്യത്തിൽ നിന്നും നമുക്ക് ആരംഭിക്കാം. അന്ത്യ അത്താഴ സന്ധ്യയിൽ യേശു നടത്തിയ നീണ്ട പ്രാർത്ഥനയിൽ നിന്നുള്ള വാക്യമാണിത്. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയശേഷം, പീഡാനുഭവത്തിലേക്ക് കടക്കുന്നതിന് മുമ്പ് ഈശോ പിതാവിനോട് ഇപ്രകാരം പ്രാർത്ഥിക്കുന്നു. “ലോകത്തിൽ നിന്ന് അവരെ എടുക്കണം എന്നല്ല, ദുഷ്ടനിൽ നിന്ന് അവരെ കാത്തുകൊള്ളണം എന്നാണ് ഞാൻ പ്രാർത്ഥിക്കുന്നത്.” (യോഹ. 17:15)

## ലോകമദ്ധ്യേ ജീവിക്കുന്നതിന്റെ യാഥാർത്ഥ്യം

2. മാതൃകാപരമായ ഒരു ലോകത്തിലായിരിക്കും തന്റെ ശിഷ്യന്മാർ ജീവിക്കുക എന്നല്ല യേശു മുൻകൂട്ടികണ്ടിരുന്നത്. മറിച്ച്, പാപപങ്കിലമായ ലോകത്തിലായിരിക്കും എന്നായിരുന്നു. നമുക്കു

ചുറ്റുമുള്ള ലോകം എങ്ങനെയായിരിക്കുന്നുവോ ആ സാഹചര്യത്തോട് പൊരുത്തപ്പെട്ടാണ് ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നാം ജീവിക്കേണ്ടത്. അല്ലാതെ നമ്മൾ ആഗ്രഹിക്കുന്നതു പോലുള്ള ഒരു ലോകത്തിലല്ല. കോവിഡ്-19 മഹാമാരിയുടെ ഈ കാലഘട്ടത്തിൽ ഈ യാഥാർത്ഥ്യം നാം ഓരോരുത്തരും അനുഭവിച്ചറിയുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതു കൊണ്ടോ, സഭയിൽ അംഗമായതുകൊണ്ടോ സ്വമേധയാ ആരും പറുദീസയിൽ എത്തുന്നില്ല. കർത്താവിൽ വിശ്വസിക്കുന്നു എന്നതുകൊണ്ട് മാത്രം കോവിഡ്-19-ൽ നിന്നോ മറ്റു ദുരന്തങ്ങളിൽ നിന്നോ രക്ഷപ്പെടും എന്നും പ്രതീക്ഷിക്കരുത്. മറ്റെല്ലാവരെയും പോലെ തന്നെ മലീമസമായ ഈ ലോകത്തിലെ എല്ലാ അപകട സാധ്യതകൾക്കും ക്രിസ്ത്യാനികളും വിധേയരാണ്. ദൈവപുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതുകൊണ്ട് നമുക്ക് ദൈവത്തിൽ നിന്ന് പ്രത്യേക പരിഗണന കിട്ടും എന്ന് പ്രതീക്ഷിക്കാനാവില്ല. പീഡാനുഭവത്തിനു മുമ്പുള്ള പ്രാർത്ഥനയിൽ ഈശോ തന്റെ ശിഷ്യന്മാരെ ഈ ലോകത്തിൽ നിന്ന് എടുക്കണം എന്ന് പിതാവിനോട് ആവശ്യപ്പെടുന്നില്ല. ദുഷ്ടനിൽ നിന്ന് അവരെ കാത്തുകൊള്ളണം എന്ന് മാത്രമാണ് അവിടുന്ന് പിതാവിനോട് ആവശ്യപ്പെടുന്നത്. ദുഷ്ടൻ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് രോഗം, അപകടം, ക്ഷാമം, യുദ്ധം തുടങ്ങിയ വിപത്തുകളെയല്ല മറിച്ച് നമ്മെ കൈപ്പിടിയിലൊതുക്കി ആത്മാവിനെ മാരകരോഗങ്ങൾക്ക് അടിമയാക്കി ദൈവവുമായുള്ള നമ്മുടെ സൗഹൃദത്തെ അറുത്തു മാറ്റിക്കളയുന്ന പിശാചിനെയാണ്.

3. തീർച്ചയായും ഈ മഹാമാരിയിൽ നിന്നും അപകട മൊന്നുമേൽക്കാതെ സുരക്ഷിതരായി പുറത്തു വരണമെന്നാണ് നാമെല്ലാം പാർത്ഥിക്കുന്നതും ആഗ്രഹിക്കുന്നതും. എന്നാൽ ഒരു വിശ്വാസിയാകട്ടെ, അവിശ്വാസിയാകട്ടെ നമുക്ക് ഒരു ഉറപ്പും

ഇക്കാര്യത്തിൽ ഇല്ല. രോഗബാധക്കുള്ള സാധ്യതകളും രണ്ട് തരക്കാർക്കും ഒരേ പോലെയാണ്. ഏറ്റവും ഫലപ്രദമായ രീതിയിൽ നമ്മെത്തന്നെയും മറ്റുള്ളവരെയും രോഗത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായി ചെയ്യേണ്ടതെല്ലാം വിശ്വാസിയും അവിശ്വാസിയും ഒരേപോലെ ചെയ്യേണ്ടതുണ്ട്. മഹാമാരിയുടെ അപകട സാധ്യതകൾ കുറയ്ക്കാനായി രാപകലില്ലാതെ കഷ്ടപ്പെടുന്നവരോടും ലോകസുരക്ഷ പുനസ്ഥാപനത്തിന് പ്രതീക്ഷ നൽകുന്ന കോവിഡ് വാക്സിൻ കണ്ടുപിടിക്കു ന്നതിനായി തീവ്രശ്രമം നടത്തിക്കൊണ്ടിരി ക്കുന്നവരോടും നാം നന്ദിയുള്ളവരാണ്. സൃഷ്ടാവായ ദൈവം നമുക്കു നൽകിയ പൊതുഭവനം, മറ്റു മനുഷ്യരുമായി പങ്കുവച്ചുകൊണ്ട് ക്രിസ്ത്യാനികളായ നാം ഓരോരുത്തരും ജീവിക്കണമെന്ന വസ്തുത ഈ മഹാമാരി കാലഘട്ടം നമ്മെ ശ്രദ്ധേയമായ രീതിയിൽ ഓർമ്മപ്പെടുത്തുന്നു. വിശ്വാസികളെന്നോ അവിശ്വാസി കളെന്നോ ഒരു വേർതിരിവും മഹാമാരി കാണിക്കുന്നില്ല.

4. എന്നാൽ ക്രിസ്ത്യാനികളായ നാം ഈ സാഹചര്യത്തെ എങ്ങനെ നേരിടണമെന്നുള്ള ചോദ്യം വീണ്ടും അവശേഷിക്കുന്നു. നമ്മുടെ മനസ്സിനെ അസ്വസ്ഥമാക്കുകയും നമ്മുടെ ഹൃദയത്തിൽ സംശയങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഏവയാണ്? ക്രിസ്ത്യാനികൾ തികച്ചും ഈ ലോകത്തിൽ ജീവിക്കുമ്പോഴും നിത്യതയാണ് തങ്ങളുടെ യഥാർത്ഥലോകമെന്ന് മനസ്സിലാക്കി ഈ ലോകത്തിന്റേതല്ലാതെ ജീവിക്കുന്നത് എപ്രകാരമെന്ന് പഠിക്കാൻ സാധിച്ചത് വേദനാ ജനകമായ നിരവധി അനുഭവങ്ങളിലൂടെയാണെന്ന് ചരിത്ര ത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ നമുക്കു കാണുവാൻ സാധിക്കും. ക്രിസ്ത്യാനികളുടെ പുതിയ വിശ്വാസത്തോട് ഒട്ടും അനുഭാവപൂർണ്ണമല്ലാത്ത ഒരു ചുറ്റുപാടിനെയാണ് യേശു ക്രിസ്തുവിന്റെ അനുയായികൾക്ക് പലപ്പോഴും നേരിടേണ്ടി

വന്നത്. എന്നിരുന്നാലും വിശ്വാസികൾ തങ്ങൾ ജീവിച്ചിരുന്ന സമൂഹത്തിൽ നിന്ന് പിന്മാറുകയോ കൂട്ടായ ആത്മാനുകമ്പ യിലേക്ക് വീണുപോവുകയോ ചെയ്തില്ല. മറിച്ച്, തുടക്കം മുതലേ ക്രിസ്ത്യാനികൾ പൊതുജീവിതത്തിലും സാമൂഹിക ജീവിത മേഖലകളിലും വളരെ പ്രതിജ്ഞാബദ്ധ രായിരിന്നുവെന്ന് നമുക്ക് കാണാൻ സാധിക്കും. പലപ്പോഴും ജീവൻ പണയം വച്ചും ഇവർ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. ബാഹ്യരൂപത്തിൽ ക്രിസ്ത്യാനികൾ തങ്ങളുടെ ചുറ്റുമുള്ളവരിൽ നിന്നും വ്യത്യസ്തരായിരുന്നില്ലെങ്കിലും, തങ്ങളുടെ ജീവിത രീതിയിൽ അവർ സമൂഹത്തിലെ അധർമികളും അവിശ്വാസികളുമായ ജനങ്ങളിൽ നിന്നും ഏറെ വ്യത്യസ്തരായിരുന്നു.

## ലോകമാകുന്ന ശരീരത്തിന്റെ “ആത്മാവാകുവാനുള്ള” വിളി

5. മേൽപ്പറഞ്ഞ വിഷയത്തിലേക്ക് കുറച്ച് ആഴത്തിൽ കടക്കുന്നതിനായ് ഒരു പുരാതന കയ്യെഴുത്തുപ്രതിയിൽ നിന്നുള്ള ഒരു ദീർഘമായ ഖണ്ഢിക ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. യേശുക്രിസ്തുവിന്റെ മരണത്തിന് 130-160 വർഷങ്ങൾക്കു ശേഷം എഴുതപ്പെട്ട ഗ്രന്ഥമാണിത്. ഡയഗ്ണീറ്റസ് എന്ന വ്യക്തിയെ അഭിസംബോധന ചെയ്തിരിക്കുന്ന കത്തിൽ നിന്ന് എടുത്തിട്ടുള്ള വാക്കുകളാണിത്. നമ്മുടെ സാഹചര്യങ്ങളുമായി വളരെ സാമ്യമുള്ള ഒരു കാലഘട്ടത്തിലെ ക്രിസ്ത്യാനികളുടെ ജീവിതത്തെ പ്രതിപാദിച്ചു കൊണ്ട് ഗ്രന്ഥകാരൻ ഇങ്ങനെ എഴുതുന്നു.

> “ദേശീയപരമായോ, ഭാഷാപരമായോ, ആചാരങ്ങൾ കൊണ്ടോ മറ്റു മനുഷ്യരിൽ നിന്ന് വേർതിരിച്ചറിയുവാൻ പറ്റാത്തവരാണ് ക്രിസ്ത്യാനികൾ. അവർക്കു മാത്രമായി പ്രത്യേകനഗരങ്ങളോ പ്രത്യേകഭാഷയോ അസാധാരണമായ

ജീവിതശൈലിയോ ഒന്നും ഇല്ല. മനുഷ്യന്റെ ജിജ്ഞാസയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുള്ള മിഥ്യാഭാവനയെ അടിസ്ഥാനമാക്കിയുള്ളതല്ല അവരുടെ പഠനങ്ങൾ. മറ്റു ചിലരെപ്പോലെ തികച്ചും മാനുഷികമായ ഒരു പ്രമാണങ്ങളും അവർ പരിരക്ഷിക്കുന്നുമില്ല. വസ്ത്രധാരണത്തിലും ആഹാരരീതിയിലും പൊതുജീവിത ശൈലിയിലുമെല്ലാം ഏതു ദേശത്തായിരിക്കുന്നുവോ ആ ദേശത്തിന്റെ രീതികൾ പിന്തുടരുന്നവരാണ് ക്രിസ്ത്യാനികൾ.

എന്നിരുന്നാലും അവരുടെ ജീവിതത്തിന് ചില അസാധാരണ സവിശേഷതകളുണ്ട്. തങ്ങൾ ജീവിക്കുന്ന രാജ്യത്തെ ഇടക്കാലത്തേക്കുള്ള ഒരു അഭയസ്ഥാനമായിട്ടേ അവർ കരുതുന്നുള്ളൂ. ജീവിക്കുന്ന രാജ്യത്തെ പൗരനെന്ന നിലയ്ക്കുള്ള എല്ലാ കർത്തവ്യങ്ങളും പൂർണ്ണമായി നിർവഹിക്കുന്നതോടൊപ്പംതന്നെ ഒരു അന്യദേശവാസിയെന്ന നിലയ്ക്കുള്ള കുറവുകൾക്കുള്ളിൽ നിന്നുകൊണ്ട് അവർ അധ്വാനിക്കുകയും ചെയ്യുന്നു. ഏതു രാജ്യവും ക്രിസ്ത്യാനികൾക്ക് മാതൃരാജ്യമാകാമെങ്കിലും അവരുടെ യഥാർത്ഥ മാതൃരാജ്യം സ്വർഗരാജ്യമാണ്. മറ്റുള്ളവരെപ്പോലെ അവർ വിവാഹം കഴിക്കുകയും മക്കൾക്കു ജന്മം നൽകുകയും ചെയ്യുന്നു. എന്നാൽ അവർ മക്കൾക്ക് സംരക്ഷണം നൽകാതെ അവരെ അപകടത്തിലേക്ക് തള്ളിവിടുന്നില്ല. അവർ തങ്ങളുടെ ആഹാരം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നവരും ഏകഭാര്യാവ്രതം അനുഷ്ഠിക്കുന്നവരുമാണ്.

ശരീരത്തിലാണ് അവർ ജീവിക്കുന്നതെങ്കിലും ജഡികാഭിലാഷങ്ങൾ അവരെ നിയന്ത്രിക്കുന്നില്ല. ഈ ഭൂമിയിൽ അവർ ദിനങ്ങൾ ചിലവഴിക്കുന്നുണ്ടെങ്കിലും അവർ

യഥാർത്ഥത്തിൽ ദൈവരാജ്യത്തിലെ പൗരന്മാരാണ്. ഭൂമിയിലെ നിയമങ്ങളെല്ലാം അനുസരണയോടെ പാലിക്കുമ്പോളും അവർ ഈലോകനിയമങ്ങൾക്ക് അതീത മായ ഒരു ജീവിതമാണ് നയിക്കുന്നത്. ക്രിസ്ത്യാനികൾ എല്ലാവരേയും സ്നേഹിക്കുന്നു. എന്നാൽ എല്ലാവരും അവരെ ക്ളേശിപ്പിക്കുന്നു. മനസ്സിലാക്കപ്പെടാത്തതിനാൽ അവരെ എല്ലാവരും കുറ്റപ്പെടുത്തുന്നു. മരണത്തിന് വിധേയരാക്കുന്നു. എന്നാൽ വീണ്ടും ജീവനിലേക്ക് ഉയർക്കപ്പെടുന്നു. ദാരിദ്ര്യത്തിൽ ജീവിക്കുമ്പോഴും അവൻ അനേകരെ പരിപോഷിക്കുന്നു. പരമദാരിദ്ര്യവും സർവ്വ സമൃദ്ധിയും അവർ അനുഭവിക്കുന്നു. അവർ അപമാനം സഹിക്കുന്നുണ്ടെങ്കിലും അതാണ് അവരുടെ മഹത്വം. അപകീർത്തിപ്പെടുന്നുണ്ടെങ്കിലും അവർ ആരോപണ മുക്തി നേടുന്നു. അധിക്ഷേപത്തോട് അനുഗ്രഹം കൊണ്ടും അപമാനത്തോട് ബഹുമാനം കൊണ്ടും അവർ മറുപടി നൽകുന്നു. അവർ ചെയ്യുന്ന നന്മകൾക്കു കിട്ടുന്ന പ്രതിഫലമായി, ദുഷ്കർമ്മികൾക്കു നൽകുന്ന ശിക്ഷ, ക്രിസ്ത്യാനികൾ അനുഭവിക്കുന്നു. എങ്കിലും, ജീവന്റെ സമ്മാനം ലഭിച്ചവരെപ്പോലെ അവർ ആനന്ദിക്കുന്നു." (*ഡയഗ്ണീറ്റസിന് എഴുതിയ കത്തിൽ നിന്ന്*)

6. ക്രിസ്ത്യാനികൾ തങ്ങൾ ജീവിച്ചിരുന്ന ലോകത്തിൽ നിന്നും സമൂഹത്തിൽ നിന്നും മതപരമായി തങ്ങളെത്തന്നെ ഒരു കാലത്തും വേർതിരിച്ചിരുന്നില്ല. പ്രാചീനകാലത്തെ ക്രിസ്ത്യാനികളുടെ ജീവിത രീതികൾ ഇത് സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ക്രിസ്ത്യാനികളുടെ ജീവിതരീതികൾ വ്യത്യസ്ത മായിരുന്നു. അധികാരത്തെ ആരാധിക്കുകയും രാജാവിനെ ദൈവമായി കരുതുകയും ചെയ്തിരുന്ന ഒരു സമൂഹത്തിൽ സത്യദൈവത്തിൽ മാത്രമായിരുന്നു ക്രിസ്ത്യാനികളുടെ

ജീവിതവും ആരാധനയും നിക്ഷിപ്തമായിരുന്നത്. വിശ്വാസത്തിന്റെ പേരിൽ മരിക്കേണ്ടി വന്നാലും ഇക്കാര്യത്തിൽ അവർക്ക് ഒരു വിട്ടുവീഴ്ചയുമുണ്ടായിരുന്നില്ല. ഗർഭഛിദ്രവും ശിശുഹത്യയും സാധാരണ കീഴ്വഴക്കമായിരുന്ന സമൂഹത്തിൽ ഉദരഫലം വിശുദ്ധമായി ക്രിസ്ത്യാനികൾ കാത്തുസൂക്ഷിച്ചു. ലൈംഗിക അരാജകത്വം സർവ്വസാധാരണമായിരുന്ന സംസ്ക്കാരത്തിൽ, അവർ വിവാഹവാഗ്ദാനത്തിൽ ഉറച്ചു നിൽക്കുകയും വിവാഹബന്ധത്തിലെ ഏകത്വം പരിപാലിച്ചു പോരുകയും ചെയ്തു. വിവേചനം വ്യവസ്ഥയുടെ ഭാഗമായിരുന്ന കാലത്തും സാമൂഹിക, സാമ്പത്തിക, ഭാഷാപര വ്യത്യാസങ്ങൾക്ക് അതീതമായി ക്രിസ്ത്യാനികൾ പരസ്പരം സഹോദരീ സഹോദരങ്ങളായി ജീവിച്ചു. സത്യം എല്ലായ്പ്പോഴും സാഹചര്യങ്ങളുമായി ഒത്തുചേരണമെന്നില്ല. എന്നിരുന്നാലും യേശുക്രിസ്തുവിന്റെ വചനത്തിലും പ്രവർത്തിയിലും വേരൂന്നിയ തികച്ചും വ്യത്യസ്തമായ ഒരു ജീവിതശൈലിയുടെ വിത്ത് ക്രിസ്ത്യാനികളിൽ ഉണ്ടായിരുന്നു. ആ ജീവിതശൈലിയുടെ വിത്ത് വിതയ്ക്കപ്പെടുകയും ഫലം നൽകുകയും ചെയ്തിരുന്നു. കഷ്ടതകൾക്കിടയിലും ക്രിസ്ത്യാനികൾ തങ്ങളുടെ വ്യക്തിത്വത്തിൽ അഭിമാനം കൊണ്ടിരുന്നു. എണ്ണത്തിൽ കുറവായിരുന്നെങ്കിലും ലോകത്ത് മാറ്റം വരുത്താൻ തങ്ങൾക്കാവുമെന്ന് അവർക്ക് ബോധ്യമുണ്ടായിരുന്നു. ഡയഗ്ണീറ്റസിനെഴുതിയ കത്തിലേക്ക് നമുക്ക് ഒന്നുകൂടെ ശ്രദ്ധ തിരിക്കാം.

> "പൊതുവായി പറഞ്ഞാൽ ശരീരത്തിൽ ആത്മാവ് എന്നതുപോലെയാണ് ലോകത്തിൽ ക്രിസ്ത്യാനികൾ എന്നു പറയാം. ആത്മാവ് ശരീരത്തിലുടനീളം ഉണ്ടെങ്കിലും ശരീരത്തിൽ നിന്ന് ഭിന്നമായിരിക്കുന്നതുപോലെ ക്രിസ്ത്യാനികൾ ലോകത്തിലെ എല്ലാ നഗരങ്ങളിലുമുണ്ടെങ്കിലും അവരെ ലോകത്തിൽ നിന്ന്

വേർതിരിച്ചറിയാൻ സാധിക്കില്ല. ദൃശ്യമായ ശരീരത്തിൽ അദൃശ്യമായ ആത്മാവ് വസിക്കുന്നതുപോലെ ക്രിസ്ത്യാനികൾ ലോകത്ത് ദൃശ്യമാണെങ്കിലും അവരുടെ മതാത്മകമായ ജീവിതം ദൃശ്യമല്ല. ശരീരം ആത്മാവിനെ വെറുക്കുകയും അതിനെതിരെ യുദ്ധം ചെയ്യുകയും ചെയ്യുന്നു. ആത്മാവ് ശരീരത്തിന് ഹാനികരമായി എന്തെങ്കിലും ചെയ്യുന്നതു കൊണ്ടല്ല ഇത്. മറിച്ച് ശാരീരികമായ സുഖങ്ങൾക്കുമേൽ ആത്മാവ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ കൊണ്ടാണ്. അതുപോലെ ലോകം ക്രിസ്ത്യാനികളെ വെറുക്കുന്നു. അവർ ലോകത്തോട് എന്തെങ്കിലും തെറ്റു ചെയ്തതുകൊണ്ടല്ല ഇത്. മറിച്ച് ക്രിസ്ത്യാനികൾ പാപപങ്കിലമായ ജഡികാസക്തിയിൽ അധിഷ്ഠിതമായ ലൗകിക സുഖങ്ങൾക്ക് എതിരായതു കൊണ്ടാണ്.

ശരീരം ആത്മാവിനെ വെറുക്കുമ്പോഴും ആത്മാവ് ശരീരത്തെയും അതിലെ അവയവങ്ങളെയും സ്നേഹി ക്കുന്നതു പോലെ ക്രിസ്ത്യാനികളും തങ്ങളെ വെറുക്കുന്ന വരെ സ്നേഹിക്കുന്നു. ശരീരത്തിൽ നിക്ഷിപ്ത്വമായ ആത്മാവ് ശരീരത്തെ താങ്ങി നിർത്തുന്നതുപോലെ, ഈ ലോകത്ത് ഒരു തടവുകാരനെ ഷോലെ പിടിച്ചുവയ്ക്കപ്പെട്ട ക്രിസ്ത്യാനികളാണ് ലോകത്തെ ഒന്നായി താങ്ങി നിർത്തുന്നത്. ആത്മാവ് അനശ്വരമാണെങ്കിലും അതിന് നശ്വരമായ ഒരു വാസസ്ഥലമാണുള്ളത്. ഇന്ന് ക്രിസ്ത്യാനി കളും നശ്വര വസ്തുക്കൾക്കിടയിൽ കുറച്ചു കാലത്തേക്ക് ഈ ലോകത്തിൽ ജീവിക്കുന്നു. എന്നിരുന്നാലും ജീർണ്ണതയിൽ നിന്നും പരിവർത്തനങ്ങളിൽ നിന്നും സ്വാതന്ത്ര്യം നൽകുന്ന സ്വർഗരാജ്യത്തിനായാണ് അവർ കാത്തിരിക്കുന്നത്. ഭക്ഷണപാനീയങ്ങൾ നിഷേധിക്കുന്നത്

ആത്മാവിന് പ്രയോജനകരമായി മാറുന്നപോലെ ഞെരുക്കങ്ങൾക്കിടയിൽ ക്രിസ്ത്യാനികൾ തഴച്ചു വളരുന്നു. അതാണ് ക്രിസ്ത്യാനികളിൽ നിയോഗിക്ക പ്പെട്ടിട്ടുള്ള ദിവ്യവും ശ്രേഷ്ഠവുമായ ദൗത്യം. ഇതിൽനിന്ന് പിന്മാറാൻ അവന് അനുവാദമില്ല.'' *(ഡയഗ്ണീറ്റസിന് എഴുതിയ കത്തിൽ നിന്ന്)*

## ''ഈ ലോകത്തോട് അനുരൂപരാകുക'' എന്ന പ്രലോഭനത്തെ ചെറുത്തു നിൽക്കുക

7. ആദിമ ക്രിസ്ത്യാനികളെപ്പോലെ കത്തോലിക്കർ എന്ന വ്യക്തിത്വത്തിൽ നാം അഭിമാനിക്കുന്നുണ്ടോ എന്ന് ഞാൻ ചിലപ്പോഴൊക്കെ സംശയിക്കാറുണ്ട്. സഭയ്ക്കുള്ളിലും ക്രിസ്ത്യാനികൾക്കിടയിലും നിരന്തരമായി വന്നുകൊണ്ടിരിക്കുന്ന നിഷേധിക്കാനാവാത്ത അപകീർത്തികൾ കൊണ്ടാവാം ഇങ്ങനെയൊരു സംശയം ഉളവായത്. ഇത്തരം സംഭവങ്ങളുടെ ആഘാതത്തിൽ മരവിച്ചു പോയ നമുക്ക് ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ വി. പൗലോസ് ഊന്നിപ്പറയുന്ന ശാന്തതയും പ്രത്യാശയും ജീവിതത്തിൽ അനുഷ്ഠിക്കാൻ ഇപ്പോൾ സാധിക്കുന്നില്ല. ''എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചു, മുൻപിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു. യേശുക്രിസ്തുവിലൂടെ ഉന്നതത്തിലേക്കുള്ള ദൈവത്തിന്റെ വിളിയാകുന്ന സമ്മാനത്തിനു വേണ്ടി ഞാൻ ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യുന്നു. അതിനാൽ, നമ്മിൽ പൂർണ്ണത പ്രാപിച്ചവർ ഇങ്ങനെത്തന്നെ ആഗ്രഹിക്കട്ടെ.'' (ഫിലിപ്പി. 3:13-15) കഴിഞ്ഞ കാലത്തെ തെറ്റുകളെക്കുറിച്ച് ബോധ്യമുള്ളപ്പോൾത്തന്നെ, നാം വിളിക്കപ്പെട്ടിരിക്കുന്നത് യേശുക്രിസ്തുവിന്റെ സുവിശേഷം ധൈര്യപൂർവ്വം നമ്മുടെ വർത്തമാന ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതിനാണെന്ന് നാം വിസ്മരിച്ചു കൂടാ.

ഇന്നത്തെ ലോകത്തിന്റെ വെല്ലുവിളികളെ നേരിടുമ്പോൾ തെറ്റിലേക്കു നയിക്കുന്ന പാതകൾ നാം ഒഴിവാക്കണം. ചില സമൂഹങ്ങൾ ചെയ്യുന്നതു പോലെ ചുറ്റുമുള്ള സമൂഹത്തിൽ നിന്ന് പിൻവലിഞ്ഞ് തങ്ങളുടെ മാത്രം മതപരമായ വേലിക്കെട്ടിൽ ഒളിച്ചിരിക്കുന്നത് തെറ്റാണ്. ഇത്തരക്കാർ സമൂഹത്തിൽ നിന്ന് അകന്നു ജീവിച്ച് ലോകത്തെ വിമർശനാത്മകമായി നിരീക്ഷിക്കുന്നതിലും വിധിക്കുന്നതിലും തൃപ്തി കണ്ടെത്തുന്നു. ചുറ്റുമുള്ള ലോകത്തിലേക്ക് അലിഞ്ഞു ചേർന്നു കൊണ്ട്, ശരിയും തെറ്റും തിരിച്ചറിയാതെ മറ്റുള്ളവർ ചെയ്യുന്നതൊക്കെ അനുകരിക്കുന്നതാണ് മറ്റൊരു തെറ്റ്. ക്രിസ്തീയ വ്യക്തിത്വം നഷ്ടമാകുന്നതിനെക്കുറിച്ച് യേശു നമുക്ക് മുന്നറിയിപ്പ് നൽകുന്നുണ്ട്. "ഉറ കെട്ടുപോയാൽ ഉപ്പിന് എങ്ങനെ വീണ്ടും ഉറ കൂട്ടും. പുറത്തേക്ക് വലിച്ചെറിഞ്ഞ് മനുഷ്യരാൽ ചവിട്ടപ്പെടാൻ അല്ലാതെ മറ്റൊന്നിനും അത് കൊള്ളില്ല." (മത്തായി 5:13) മേൽപ്പറഞ്ഞ രണ്ടു മാർഗ്ഗങ്ങളും യഥാർത്ഥ ക്രിസ്തീയ വഴികളല്ല. നാം ലോകത്തിന്റെ പ്രകാശവും (മത്തായി 5:14) ഭൂമിയുടെ ഉപ്പും (മത്തായി 5:15) ആകണമെന്നാണ് യേശു ആവശ്യപ്പെടുന്നത്. ലോകത്തിൽ നാം ഇവ ആയിരിക്കണമെന്നാണ് യേശു ആഗ്രഹിക്കുന്നത്. അതുകൊണ്ടാണ് പീഡാനുഭവത്തിന് മുമ്പ് യേശു നമുക്കു വേണ്ടി ഇങ്ങനെ പ്രാർത്ഥിച്ചത്. "ലോകത്തിൽ നിന്ന് അവരെ എടുക്കണം എന്നല്ല, ദുഷ്ടനിൽ നിന്ന് അവരെ കാത്തുകൊള്ളണം എന്നാണ് ഞാൻ പ്രാർത്ഥിക്കുന്നത്. ഞാൻ ലോകത്തിന്റേതല്ലാത്തതുപോലെ അവരും ലോകത്തിന്റേതല്ല. അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ. അവിടുത്തെ വചനമാണ് സത്യം."(യോഹ.17:15-17) അതിനാൽ മറ്റുള്ളവരെ പ്പോലെ ഈ ലോകത്തു ജീവിക്കുമ്പോൾ വ്യക്തമായ ഒരു വ്യത്യസ്തത നമുക്കുണ്ടായിരിക്കണം. സത്യത്താൽ വിശുദ്ധീകരി ക്കപ്പെട്ട മനുഷ്യരായിട്ടാണ് നാം ജീവിക്കേണ്ടത്. സത്യത്താൽ

വിശുദ്ധീകരിക്കപ്പെടുക എന്നാൽ 'ഞാനാണ് സത്യം' (യോഹ. 14:6) എന്നുപറഞ്ഞവനാൽ വിശുദ്ധീകരിക്കപ്പെടുക എന്നാണർത്ഥം.

8. റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ വിശുദ്ധ പൗലോസ് ക്രിസ്ത്യാനികളുടെ ഈ ദൗത്യത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. പ്രത്യുത നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും നല്ലതും പ്രീതിജനകവും പരിപൂർണ്ണ വുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്ക് സാധിക്കും." (റോമ. 12:2) മനസ്സിന്റെ നവീകരണം വഴി രൂപാന്തര പ്പെടുന്നതിനു പകരം എന്തെളുപ്പത്തിലാണ് ഈ ലോകത്തിന് നാം അനുരൂപരായതെന്ന് അനുഭവങ്ങളിൽ നിന്ന് നമുക്കറിയാം. ധാർമ്മികവും ഉപദേശപരവുമായ ആപേക്ഷികത യുടെ ശക്തമായ ചുഴലിക്കാറ്റിൽപ്പെട്ട് എളുപ്പത്തിൽത്തന്നെ ദൈവിക നിയമങ്ങളിൽ നിന്ന് വ്യതിചലിക്കപ്പെടാൻ സാധ്യതയുള്ള ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. ഈ അപകട സാധ്യതയെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പ പലപ്പോഴും പറയാറുണ്ട്. 2020 ഫെബ്രുവരി 13-ന് രാവിലെ സാന്താമാർത്തയിൽ നടത്തിയ പ്രഭാഷണത്തിൽ മാർപാപ്പ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. ഉത്തമജ്ഞാനി യായിരുന്നിട്ടും വഴിതെറ്റിപ്പോയ സോളമൻ രാജാവിനെ ക്കുറിച്ചാണ് മാർപാപ്പ സംസാരിച്ചത്. കർത്താവിനോട് ജ്ഞാനം ആവശ്യപ്പെടുകയും അത് നേടുകയും ചെയ്ത ഒരു നല്ല ബാലനായിട്ടായിരുന്നു മഹാനായ ആ രാജാവിന്റെ തുടക്കം. എന്നാൽ സോളമൻ രാജാവിന്റെ ഹൃദയം ക്രമേണ ദുർബലമായി. അന്യദേവന്മാരെ ആരാധിക്കുന്ന തന്റെ ഭാര്യമാരുടെ പ്രേരണയാൽ രാജാവും അന്യദേവന്മാരെ ആരാധിക്കാൻ തുടങ്ങി. സോളമൻ രാജാവിന് ഒറ്റദിവസം കൊണ്ട് ആയിരുന്നില്ല വിശ്വാസത്യാഗം സംഭവിച്ചത്. അദ്ദേഹം പാപത്തിലേക്ക് അറിയാതെ വഴുതി വീഴുക യായിരുന്നു എന്ന് ഫ്രാൻസിസ്പാപ്പ ചൂണ്ടിക്കാണിക്കുന്നു.

ദൈവവിശ്വാസത്തിൽ നിന്നും പിന്തിരിഞ്ഞതിന് കർത്താവ് സോളമൻ രാജാവിനെ ശാസിക്കുന്നുണ്ട്. "നീ നിന്റെ മനസ്സ് മാറ്റി." ഇത് നമ്മുടെ ജീവിതത്തിലും സംഭവിക്കുന്നുണ്ട്. വലിയ പാപങ്ങൾ ചെയ്യുന്നില്ലെങ്കിലും വിശ്വാസത്തിൽ നിന്ന് വഴുതി വീഴാൻ നമ്മെത്തന്നെ അനുവദിക്കുന്നതിലാണ് അപകടം പതിയിരിക്കുന്നത്. കാരണം, ഇത് സ്വയം അറിയാതെയുള്ള ഒരു വീഴ്ചയാണ്. ഇത് തിരിച്ചറിയാതെ ദൈവത്തോടുള്ള നമ്മുടെ വിശ്വാസം നഷ്ടമാക്കുന്നു. എത്ര തവണ നാം യഥാർത്ഥ ദൈവത്തെ മറന്ന് ലൗകിക ദൈവങ്ങളായ ധനം, ദുരഭിമാനം, അഹംഭാവം എന്നിവരുമായി സംസർഗത്തിലായിട്ടുണ്ട്. ജീവിതത്തിൽ നിന്നുള്ള ഈ വഴുതിമാറൽ ലൗകികതയിലേക്കാണ് നമ്മെ നയിക്കുന്നതെന്ന് ഫ്രാൻസിസ് മാർപാപ്പ വിശദീകരിക്കുന്നു. ഇത് എല്ലാവരും ചെയ്യുന്നതിനാൽ ഇതിൽ തെറ്റില്ലെന്നും നാം കരുതുന്നു. ഫ്രാൻസിസ് പാപ്പ തുടരുന്നു. നാം നമ്മെത്തന്നെ ഇങ്ങനെ ന്യായീകരിക്കുമ്പോൾ ദൈവത്തിലുള്ള നമ്മുടെ വിശ്വാസം നഷ്ടപ്പെടുകയും നാം നൂതന വിഗ്രഹങ്ങളെ അംഗീകരിക്കുകയും ചെയ്യുന്നു. (L 'Osservalore Romano, Weekly Edition in English n. 12, 20 March 2020)

9. സോളമനു സംഭവിച്ചത് നമുക്കാർക്കും സംഭവിക്കാവുന്നതാണ്. നാം ചിലപ്പോൾ മറ്റുള്ളവരെ പ്രീതിപ്പെടുത്താനായി അവരുടെ ദൈവങ്ങളെ നമ്മുടേതാക്കുന്നു. "പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയത്തിലേക്കൊഴുകുന്ന ദൈവസ്നേഹം" (റോമ. 5:5) നൽകുന്ന ശക്തി നമ്മുടെ ഉള്ളിൽ ഇല്ലെങ്കിൽ അന്യദൈവങ്ങളുമായുള്ള ഈ യുദ്ധത്തിൽ നാം പരാജയപ്പെട്ടേക്കാം. സമ്പൂർണ്ണപരിവർത്തനം നടന്നില്ലെങ്കിലും തിന്മയുമായി ചേർന്നുപോകാനുള്ള അപകട സാധ്യത ഇതിലുണ്ടെന്ന് നമുക്ക് നന്നായി അറിയാം. വിശ്വാസത്തിന് വെല്ലുവിളിയാകുന്ന നിരവധി ചോദ്യങ്ങൾ നമ്മുടെ മനസ്സിൽ നിരന്തരം ഉയരുന്നുണ്ട്.

ഉദാഹരണത്തിന്, എല്ലാവരും കള്ളം പറയുമ്പോൾ, ഞാൻ മാത്രം എന്തിന് സത്യത്തിൽ ഉറച്ചു നിൽക്കണം എന്ന് നാം ചിലപ്പോൾ ചിന്തിക്കാറുണ്ട്. മറ്റുള്ളവർ എന്നോട് ചതി ചെയ്യുമ്പോൾ എനിക്കെന്തുകൊണ്ട് അത് ചെയ്തു കൂടാ? തന്റെ പങ്കാളിയോട് വിശ്വസ്തരായിരിക്കുന്നവൻ ഒരു വിഡ്ഢിയായി കരുതപ്പെടുമ്പോൾ എന്തിനു ഞാൻ മാത്രം വിശ്വസ്തനായി തുടരണം? വിശ്വാസത്തെക്കുറിച്ചും ഇത്തര ത്തിലുള്ള കുറെ ചോദ്യങ്ങൾ ഉയരുന്നുണ്ട്. യേശുക്രിസ്തുവിനെക്കുറിച്ച് അനേകം പ്രമാണങ്ങളുണ്ട്. പിന്നെന്തിന് വിശ്വാസപ്രമാണത്തിലെ പഴക്കം ചെന്ന വാക്കുകളിൽ നാം വിശ്വസിക്കണം? കത്തോലിക്കാസഭയ്ക്കു മേലുള്ള അപകീർത്തിയെ നിരന്തരം പരിഹസിക്കുന്നവനെങ്കിലും വാക്ചാതുര്യനായ ഒരു മതപ്രഭാഷകനെ പിന്തുടരുന്നതല്ലേ കൂടുതൽ നല്ലത്? എല്ലാവരും അവരവരുടെ താല്പര്യങ്ങൾക്കനുസരിച്ചു മാത്രം ജീവിക്കുമ്പോൾ ഞാൻ മാത്രമെന്തിന് മറ്റുള്ളവരെപ്പറ്റി കരുതണം? വിശ്വാസത്തെ വെല്ലുവിളിക്കുന്ന ഇത്തരം ചോദ്യങ്ങൾ അപരിമിതമായി പെരുകുന്നു.

## ലൗകികതയിൽനിന്നും അകന്നുള്ള ജീവിതം

10. നമ്മുടേതിൽ നിന്ന് വ്യത്യസ്തമായ മൂല്യങ്ങൾ പിന്തുടരുന്ന ലോകത്ത് ഒറ്റപ്പെട്ടു പോകാതെ എങ്ങനെ ക്രിസ്തീയ വ്യക്തിത്വം നമുക്ക് കാത്തുസൂക്ഷിക്കാനാവും എന്ന ചോദ്യം അവശേഷിക്കുന്നു. ഉദ്ദേശശുദ്ധിയുള്ള ഓരോ ക്രിസ്ത്യാനിയേയും അലട്ടുന്ന ഒരു ചോദ്യമാണിത്. അടുത്ത കാലത്തെ മാർപാപ്പമാരുടെ പ്രസംഗങ്ങളിലും എഴുത്തുകളിലുമെല്ലാം ഇക്കാര്യം കടന്നു വന്നിട്ടുണ്ട്. ബനഡിക്ട് പതിനാറാമൻ മാർപാപ്പ ജർമ്മനി സന്ദർശിച്ചപ്പോൾ കത്തോലിക്കരോട് ഈ വിഷയം സംസാരിച്ചിരുന്നു. (25 സെപ്റ്റംബർ 2011-ൽ ഫ്രയ് ബർഗിൽ) ആ പ്രഭാഷണം കടുത്ത പ്രതികരണങ്ങൾ ഉയർത്തി. ജർമ്മനിയിലെ

മാത്രമല്ല ലോകമെമ്പാടുമുള്ള കത്തോലിക്കരുടെ മനസ്സിലെ ഉണങ്ങാത്ത മുറിവിനെയാണ് അദ്ദേഹം സ്പർശിച്ചതെന്ന് ആ പ്രതികരണങ്ങൾ വ്യക്തമാക്കുന്നു. മാർപാപ്പയുടെ പ്രഭാഷണ ത്തിലെ കാതലായ ചില ഭാഗങ്ങൾ ഞാനിവിടെ ഉദ്ധരിക്കുന്നു.

> "സഭ തന്റെ യഥാർത്ഥ ദൗത്യം പര്യാപ്തമായ രീതിയിൽ നിർവഹിക്കുന്നതിന് ലൗകികതയിലേക്കുള്ള തന്റെ ചായ്‌വിൽ നിന്നും പിൻതിരിയാൻ നിരന്തരമായി പരിശ്രമിക്കുകയും ദൈവത്തിലേക്ക് കൂടുതൽ തുറവിയിലായിരിക്കുകയും വേണം. സഭയിലെ ലൗകികത കുറയുമ്പോൾ സുവിശേഷ പ്രസംഗകരുടെ സാക്ഷ്യം കൂടുതൽ ശോഭയോടെ തിളങ്ങുന്നതായി ചരിത്രം കാണിച്ചു തരുന്നുണ്ട്. ഭൗതികവും രാഷ്ട്രീയവുമായ ചട്ടക്കൂടുകളിൽ നിന്നും അവ നൽകുന്ന പ്രത്യേക ആനുകൂല്യങ്ങളിൽ നിന്നും സ്വതന്ത്രമാകുമ്പോൾ സഭയ്ക്ക് കൂടുതൽ ഫലപ്രദവും തികച്ചും ക്രിസ്തീയവുമായ വിധത്തിൽ ലോകത്തിലേക്ക് ഇറങ്ങിച്ചെല്ലാനാകും. സഭയ്ക്ക് തന്നെ പൂർണ്ണമായും ലോകത്തിന് വെളിപ്പെടുത്താനു മാകും. ദിവ്യാരാധന ശുശ്രൂഷയിലും സഹജീവിസേവന ത്തിനുമുള്ള വിളി കൂടുതൽ സ്വാതന്ത്ര്യത്തോടെ നിർവഹിക്കാൻ സഭയ്ക്കാകും. സഭയെ പുനരവതരി പ്പിക്കാനുള്ള പുതിയ മാർഗ്ഗരേഖ കണ്ടെത്തണ മെന്നല്ല ഇത് അർത്ഥമാക്കുന്നത്. മറിച്ച് സഭ കൂടുതൽ സുതാര്യത കൈവരിക്കണ മെന്നാണ്. ഇപ്പോഴത്തെ സാഹചര്യത്തിന്റെ സത്യത്തിൽ നിന്ന് ഒന്നിനേയും ഒഴിവാക്കിക്കൊണ്ടോ മാറ്റി നിർത്തിക്കൊണ്ടോ അല്ല സഭ ഇത് കൈവരിക്കേണ്ടത്. മറിച്ച്, പൂർണ്ണവിശ്വാസത്തിലായിരുന്നുകൊണ്ട് സാഹചര്യ ത്തോട് ഔചിത്യത്തോടെ പൂർണ്ണമായും യോജിച്ച് നിന്നുകൊണ്ടാവണം. അതോടൊപ്പം വിശ്വാസത്തിന്റെ

ഭാഗമെന്ന് തോന്നിപ്പിക്കുമെങ്കിലും യഥാർത്ഥത്തിൽ വെറും ആചാരവും ശീലവും മാത്രമായവയെ നീക്കം ചെയ്യുകയും വേണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ നമ്മുടെ കാലത്തു മാത്രമല്ല, എല്ലാക്കാലത്തുമുള്ള ജനങ്ങൾക്ക് ക്രിസ്തീയ വിശ്വാസം ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നതാണ്. നിത്യനായ ദൈവം നമ്മെ അറിയുകയും നമ്മെ കരുതുകയും ചെയ്യുന്നുവെന്നതും, അദൃശ്യമായത് ഒരു പ്രത്യേക സാഹചര്യത്തിൽ സ്പഷ്ടമാകുന്നുവെന്നതും അമർത്യനായവൻ പീഡ സഹിച്ചു കുരിശിൽ മരിച്ചുവെന്നതും മർത്യരായ നമുക്ക് ഉയിർപ്പിന്റെയും നിത്യജീവന്റെയും വാഗ്ദാനം നല്കപ്പെട്ടിരിക്കുന്നുവെന്നുമൊക്കെയുള്ളത് ഏത് കാലഘട്ടത്തിലേയും ജനങ്ങൾക്ക് വിശ്വസിക്കാൻ ബുദ്ധിമുട്ടുള്ള വ്യക്തമായ അവകാശവാദങ്ങളാണ്. സഭയിലെ ലൗകികത നിശ്ചയ ദാർഷ്ഠ്യത്തോടെ ഉപേക്ഷിക്കുന്നതിനായി ലോകസുഖങ്ങളിൽ നിന്നും പിന്തിരിയുന്നതിനുള്ള ശരിയായ മാർഗ്ഗം കണ്ടെത്താൻ വീണ്ടും സമയ മായിരിക്കുന്നു. ലോകത്തിൽ നിന്ന് പിൻവലിയുക എന്നല്ല ഇതുകൊണ്ട് തീർച്ചയായും അർത്ഥമാക്കുന്നത്. മറിച്ച് ലോകത്തിലേക്ക് കൂടുതൽ ഇറങ്ങിച്ചെല്ലുക എന്നാണ്. ലൗകികതയിൽ നിന്നും മോചനം നേടുന്ന സഭയ്ക്ക് ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ കഷ്ടത അനുഭവിക്കുന്നവർ, അവരുടെ പരിപാലകർ തുടങ്ങി ആവശ്യക്കാരിലേക്കെല്ലാം ക്രിസ്തീയ വിശ്വാസത്തിന്റെ ജീവദായക ശക്തി പകർന്നു നൽകുന്ന മധ്യസ്ഥനാകുവാൻ കഴിയും. വ്യക്തിപരമായും സഭാ സമൂഹമെന്ന നിലയിലും വലിയ സ്നേഹം നൽകുന്ന യേശുക്രിസ്തുവിനെപ്പോലെ നമുക്കും എളിമയിൽ ജീവിക്കാം. എന്നാൽ, ഒരേസമയം ലളിതവും പ്രയാസമേറി യതുമാണ് ഇത്. കാരണം, ഇത് സാധ്യമാകണമെങ്കിൽ

നമ്മെത്തന്നെ ഒട്ടും കുറവു കൂടാതെ ലോകത്തിനു ദാനമായി നൽകാൻ നമുക്കു കഴിയണം.''

## മഹാമാരിയുടെ വെല്ലുവിളികൾക്കിടയിൽ

11. ലോകത്തിലായിരിക്കുമ്പോഴും ലോകത്തിന്റേതല്ലാതെ ജീവിക്കുക എന്നത് എല്ലാ കാലത്തും സഭയ്ക്കും സഭാംഗങ്ങൾക്കും ഒരു വെല്ലുവിളിയാണ്. ഈ ലോകം നമുക്കു നൽകുന്ന കപട സുരക്ഷിതത്വത്തിന്റെ ആലസ്യത്തിൽ നിന്നും നമ്മെ ഉണർത്താൻ ശേഷിയുള്ളതാണ് മഹാമാരിയുടെ ഈ പുതിയ സാഹചര്യം. നമ്മുടെ ദൈനംദിന ജീവിതത്തിലും സഭാവിശ്വാസിയെന്ന നിലയിലുള്ള ജീവിതരീതിയിലും ഇനി മാറ്റമുണ്ടാവില്ല എന്ന് നാം ധരിച്ചിരുന്ന കുറെ കാര്യങ്ങൾ ഈ മഹാമാരിക്കാലത്ത് തകിടം മറിഞ്ഞു. ദിവസേനയോ, ആഴ്ചതോറുമോ ഉള്ള കുർബാന, മറ്റു കൂദാശ സ്വീകരണങ്ങൾ, രോഗീസന്ദർശനം, മരണാനന്തര സംസ്ക്കാരച്ചടങ്ങുകൾ തുടങ്ങിയവയിൽ നിന്നെല്ലാം ഒറ്റ ദിവസം കൊണ്ട് നമ്മൾ മാറ്റി നിർത്തപ്പെട്ടു. രോഗവ്യാപനം തടയാനായി ശാരീരികമായി ഏർപ്പെടുത്തിയ ഒറ്റപ്പെടുത്തൽ നമ്മെ ആദ്ധ്യാത്മിക ഒറ്റപ്പെടലിലേക്ക് തള്ളിവിട്ടു. പെട്ടെന്ന് ജീവിതത്തിലെ അത്യാവശ്യ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ നാം നിർബന്ധിതരായി. അന്നന്നുവേണ്ടുന്ന ആഹാരത്തെയും അതിന്റെ ഭൗതിക തലങ്ങളെയും കുറിച്ചു മാത്രമല്ല, നമ്മുടെ പ്രാർത്ഥനകൾക്ക് നാം പ്രതീക്ഷിക്കുന്ന രീതിയിൽ ഉത്തരം നൽകാത്ത ദൈവത്തിലുള്ള നമ്മുടെ ആശ്രയത്തെക്കുറിച്ചും നാം ചിന്തിച്ചു തുടങ്ങി. അനേകർക്ക് പെട്ടെന്ന് ജോബിന്റെ അനുഭവത്തിലൂടെ കടന്നുപോകേണ്ടി വന്നു. ''കർത്താവ് തന്നു. കർത്താവ് എടുത്തു.'' നമുക്കും ജോബിനൊപ്പം പറയാൻ സാധിച്ചിരുന്നോ, ഇപ്പോഴും പറയാൻ സാധിക്കുമോ, ''കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ.'' (ജോബ് 1:21)

12. നിയന്ത്രണങ്ങളോടെയാണെങ്കിലും നമ്മുടെ മേഖലയിലെ മിക്ക രാജ്യങ്ങളിലും ആരാധാനാലയങ്ങളും അതോടൊപ്പം നമ്മുടെ ദേവാലയങ്ങളും തുറക്കാനാവുമെന്നതിൽ നാം സന്തോഷ വാന്മാരാണ്. എന്നിരുന്നാലും എല്ലാം പഴയതുപോലെ ആവില്ല ഇനി എന്നത് എല്ലാവരും തിരിച്ചറിയുന്നുണ്ട്. കോവിഡ് 19-ന്റെ അപകടസാധ്യത മുൻനിർത്തി ഏർപ്പെടുത്തിയിരിക്കുന്ന നിയമങ്ങൾ നമ്മുടെ ആഘോഷങ്ങളുടെ സ്വഭാവം മാറ്റിക്കൊണ്ടിരിക്കുന്നു. സാമൂഹിക അകലം പാലിക്കുക, ഇടയ്ക്കിടെ കൈകൾ അണുവിമുക്തമാക്കുക, മാസ്കും ഗ്ലൗസും ധരിക്കുക, പാട്ടുകൾ പാടുന്നതിനുള്ള നിയന്ത്രണങ്ങൾ, കുർബാനയുടെ സമയ പരിമിധി തുടങ്ങിയവ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുമ്പോഴുള്ള ആനന്ദം പൂർണ്ണമായി അനുഭവിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. പുത്രനായ യേശുക്രിസ്തുവിലൂടെ ദൈവം നമുക്കായി നൽകിയ മഹനീയ രക്ഷാകര പ്രവൃത്തിയുടെ സ്മരണയാണ് വിശുദ്ധ കുർബാനയിലൂടെ നടക്കുന്നതെന്ന തിരിച്ചറിവ് പൂർണ്ണമായി അനുഭവിക്കുന്നതിന് പുതിയ നിയന്ത്രണങ്ങൾ തടസ്സമാകുന്നു. മാമ്മോദീസ, സ്ഥൈര്യലേപനം, വിവാഹം തുടങ്ങിയ അവശ്യ കൂദാശകളുടെ ആഘോഷം വളരെ കുറച്ച് ആളുകളുടെ മാത്രം സാന്നിധ്യത്തിൽ നടത്തുന്നതും മറ്റും, ജീവിതം പഴയതുപോലെയല്ല എന്ന തോന്നൽ ശക്തമായി നമ്മളിൽ ഉണ്ടാക്കുന്നു. സാമൂഹിക അകലം പാലിച്ചുകൊണ്ട്, വളരെ ചുരുങ്ങിയ രീതിയിൽ മാത്രമെ കുമ്പസാരം സാധ്യമാകൂ എന്ന യാഥാർത്ഥ്യം കൂദാശ ജീവിതത്തിലെ സാധാരണ രീതി മാറിയിരിക്കുന്നുവെന്ന് വ്യക്തമാക്കുന്നു. രോഗികളെ ആശുപത്രി യിലോ വീടുകളിലോ സന്ദർശിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ, രോഗീലേപനം എന്ന കൂദാശയുടെ നിർവ്വഹണം മനുഷ്യ സാമീപ്യവും ഊഷ്മളതയുമില്ലാത്ത ഒരു കേവല പ്രവൃത്തി മാത്രമായി മാറ്റിയിരിക്കുന്നു. മൃതശരീരങ്ങളുടെ ആശീർവാദവും

സംസ്ക്കാരശുശ്രൂഷയുമെല്ലാം പലപ്പോഴും ഒരു അഗ്നിപരീക്ഷണ മാവുകയും ഇത് ദുഃഖാർത്തരായ കുടുംബാംഗ ങ്ങളെ അസ്വസ്ഥരാക്കുകയും ചെയ്യുന്നു. ദേവാലയങ്ങളിൽ പോകാ നാകാത്തത് മൂലം അനേകം വിശ്വാസികൾക്ക് ദൈവസന്നിധിയിൽ മൗനമായി തങ്ങളുടെ വിഷമങ്ങൾ പറയുന്നതിനും മാതാവിന്റെ മുമ്പിൽ മനസ്സുതുറന്നു കരയുന്നതിനുമുള്ള അവസരം നഷ്ടപ്പെട്ടിരിക്കുന്നു.

## പുതിയ സാഹചര്യങ്ങളോടു പൊരുത്തപ്പെടുക

13. ഒരു ഉത്തമ കത്തോലിക്കൻ എന്ന നിലയിൽ കാലങ്ങളായി നാം അനുവർത്തിച്ചു പോന്നിരുന്ന കടമകൾ നിർവ്വഹിക്കുക എന്നതിന് ഉപരിയാണ്, സാമൂഹിക വിശ്വാസ ജീവിതം എന്ന് പുതിയ അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഏകശരീരം എന്ന സങ്കല്പമെന്നാൽ, ഒറ്റപ്പെട്ട് നടത്തപ്പെടുന്ന മതാനുഷ്ഠാനങ്ങളുടെ കൂട്ടായ്മ മാത്രമല്ലെന്നും മറിച്ച് ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവങ്ങളായി ഒരുമിച്ച് നിൽക്കേണ്ടതാണെന്ന യാഥാർത്ഥ്യമാണെന്നും ഈ യാഥാർത്ഥ്യം സജീവമായി പരിപാലിക്കപ്പെടേണ്ടതാണെന്നും സഹവിശ്വാസി കളുമായി സമ്പർക്കം സാധ്യമാകാത്ത ഈ കോവിഡ് കാലം നമ്മെ ബോധ്യപ്പെടുത്തുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഇത് എങ്ങനെ ഫലപ്രദമായി ചെയ്യാനാവും എന്നതാണ് നാം നേരിടുന്ന പ്രധാന വെല്ലുവിളി. മറ്റുള്ളവരിലേക്ക് ഇറങ്ങി ചെല്ലാൻ സഹായിക്കുന്ന സാങ്കേതിക മാർഗ്ഗങ്ങൾ തീർച്ചയായും നമുക്കുണ്ട്. തിരുക്കർമ്മ ങ്ങളും മറ്റ് മതപരമായ പ്രവർത്തനങ്ങളും ഇന്റർനെറ്റിലൂടെ സംപ്രേഷണം ചെയ്യുന്നതും വിവിധ മാർഗ്ഗങ്ങളിലൂടെ ദൈവവചനം പങ്കുവയ്ക്കുന്നതും ഇനിയും നമ്മൾ തുടരുന്നതാണ്. എന്നിരുന്നാലും ആത്മാവും ശരീരവുമുള്ള മനുഷ്യരും വിശ്വാസികളുമെന്ന നിലയിൽ ശാരീരിക സമ്പർക്കവും

നമുക്കാവശ്യമാണ്. ശരിയായ ഒരു സാമൂഹിക അനുഭവത്തിന്റെ അഭാവത്തിൽ നമ്മുടെ ആന്തരികാത്മാവ് വരണ്ടു പോയേക്കാം. ഒരു കുടുംബത്തിലെ ഓരോ അംഗങ്ങളും താന്താങ്ങളുടെ മുറിയിൽ ജീവിക്കുകയും ഭക്ഷണം കഴിക്കുകയും സാങ്കേതിക മാർഗ്ഗങ്ങളിലൂടെ മാത്രം ആശയവിനിമയം നടത്തുകയും ചെയ്യുന്നു എന്നു സങ്കൽപ്പിക്കുക. അത്തരമൊരു കുടുംബത്തിൽ ബന്ധങ്ങൾക്ക് വരൾച്ച അനുഭവപ്പെടും. നമ്മുടെ ഇടവകയും അതിന്റെ വിവിധ കൂട്ടായ്മയും ഉൾപ്പെടുന്ന സമൂഹത്തിൽ ക്രിസ്ത്യാനിയെന്ന നിലയ്ക്കുള്ള നമ്മുടെ ജീവിതവും ഇതിന് സമാനമാണ്.

14. അണുബാധയേറ്റവനെ ശാരീരികമായി കൊല്ലുവാൻ ശേഷിയുള്ള രോഗമാണ് കോവിഡ്-19. എന്നാൽ അതിനുമപ്പുറം മാനുഷിക ബന്ധങ്ങളെ തകർക്കാനും നശിപ്പിക്കുവാനുമുള്ള ശേഷിയും അതിനുണ്ട്. പ്രായമായ ആളുകൾ, മറ്റ് രോഗാവസ്ഥയിലുള്ളവർ, പ്രത്യേക പരിഗണന ആവശ്യമുള്ളവർ തുടങ്ങി അപകടസാധ്യത കൂടുതലുള്ള തരക്കാർ സാധാരണ ജീവിതത്തിൽ നിന്നും പൂർണ്ണമായും ഒഴിവാക്കപ്പെട്ടിരിക്കുന്നു. രോഗബാധയെക്കുറിച്ചുള്ള ഭയം മൂലം മറ്റുള്ളവരെ കാണുന്നത് സ്വന്തം ആരോഗ്യത്തിന് ഭീഷണിയായി കരുതുന്ന അപകടവും നിലനിൽക്കുന്നുണ്ട്. നമ്മുടെ അധികാര പരിധിയിലുള്ള എല്ലാ സാധ്യതകളുമുപയോഗിച്ച് ഈ സാഹചര്യത്തിനെതിരെ പോരാടേണ്ടത് ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നമ്മുടെ ദൗത്യമാണ്. സ്വാഭാവികമായുള്ള ആരോഗ്യപരിരക്ഷയും ജാഗ്രതയും നാം പാലിക്കണം. എന്നാൽ അമിതമായ ആശങ്കയും ഭയവും പാടില്ല. തീർച്ചയായും രാജ്യത്തിന്റെ നിയമങ്ങളും നാം പാലിക്കണം. എന്നിരുന്നാലും ക്രിസ്തീയ കൂട്ടായ്മകളിലും മാനുഷിക സമൂഹങ്ങളിലും പരസ്പര സഹകരണവും കരുതലും

ഇല്ലാതാക്കുന്നതിനുള്ള മുടന്തൻ ന്യായമായി ഈ നിയമങ്ങളെ നാം കാണരുത്.

**ഭീതിയോ ആത്മവിശ്വാസമോ?**

15. യേശു പറഞ്ഞതുപോലെ, നാം പൂർണ്ണമായും 'ഈ ലോകത്തിലാണ്', എന്നാൽ 'ഈ ലോകത്തിന്റേതല്ല'. നാം ജീവിക്കുന്ന വ്യക്തമായ പശ്ചാത്തലത്തിൽ എന്താണ് ഇത് അർത്ഥമാക്കുന്നത്? ഈ ലേഖനത്തിന്റെ തുടക്കത്തിൽ ഞാൻ പ്രതിപാദിച്ചതുപോലെ മഹാമാരിയുടെ അപകട സാധ്യതകളും അതുണ്ടാക്കുന്ന ഭീതിയും മറ്റ് ഭീഷണികളും ഉൾപ്പെട്ട ലോകത്തിലെ മറ്റു സഹവാസികളുമായി ഒരേ ജീവിത സാഹചര്യമാണ് നാം പങ്കിടുന്നത്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവൻ എന്ന നിലയിൽ ഈ സാഹചര്യത്തെ നാം എങ്ങനെ അഭിമുഖീകരിക്കുന്നു എന്നതാണ് ചോദ്യം. നമ്മെ പൂർണ്ണമായി സ്നേഹിക്കുന്ന സ്വർഗ്ഗീയ പിതാവിന്റെ മക്കളാണ് നാം എന്ന് സ്വയം മനസ്സിലാക്കാൻ യേശു നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതം എപ്പോഴും സന്തോഷകരമായിരിക്കുമെന്നാണോ ഇതിനർത്ഥം? അല്ല. എന്നാൽ തീവ്രദുഖത്തിന്റെയും കടുത്ത പരീക്ഷണങ്ങളുടേയും സാഹചര്യത്തിൽ പോലും നാം അവിടുത്തെ കരങ്ങളിൽ നിന്ന് വീണു പോകില്ല എന്ന് ഇത് അർത്ഥമാക്കുന്നു. അവസാന ശ്വാസം വലിക്കുന്നതിന് മുമ്പ് "പിതാവേ അങ്ങയുടെ കരങ്ങളിലേക്ക് എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂക്കാ. 23:46) എന്ന് പറഞ്ഞുകൊണ്ട് ഈശോ തന്നെയാണ് തന്റെ ജീവിതവും മരണവും വഴി ഈ സത്യം നമുക്ക് കാണിച്ചു തന്നത്. തന്റെ ജീവിത കാലത്ത് ഒട്ടേറെ ക്ളേശങ്ങൾ സഹിക്കേണ്ടി വന്നിട്ടുള്ള പൗലോസ് ശ്ലീഹാ, യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തെക്കുറിച്ച് റോമാക്കാരോട് ഊന്നിപ്പറയുന്നുണ്ട്. "ക്രിസ്തുവിന്റെ സ്നേഹ ത്തിൽ നിന്ന് ആര് നമ്മെ വേർപെടുത്തും? ക്ളേശമോ ദുരിതമോ

പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ അതോ വാളോ? എന്തെന്നാൽ മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരികൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്ന വയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റെന്തെങ്കിലും സൃഷ്ടികൾക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽ നിന്നും നമ്മെ വേർപെടുത്താൻ കഴിയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്.'' (റോമ. 8:35, 38-39) മറ്റെല്ലാ മനുഷ്യരേയും പോലെ നാമും ഭയക്കുകയും സഹിക്കുകയും ചെയ്യുന്നു. എന്നാൽ മരണത്തിൽ പോലും നമ്മെ ഉപേക്ഷിക്കാത്ത നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവ് ഉണ്ടെന്ന് നാം വിശ്വസിക്കുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവാണ് ഈ ദൃഢവിശ്വാസത്തിനുള്ള നമ്മുടെ ഉറപ്പ്.

16. ഫ്രാൻസിസ് മാർപാപ്പ 2020 മാർച്ച് 27-ന് നടത്തിയ ഹൃദയസ്പർശിയായ 'ഉർബി എറ്റ് ഓർബി' പ്രാർത്ഥനയ്ക്കിടയിൽ, കൊടുങ്കാറ്റടിച്ചപ്പോൾ ഈശോ ശിഷ്യന്മാരോട് പറഞ്ഞ വാക്കുകൾ കൊണ്ട് നമ്മുടെ വിശ്വാസത്തെ വെല്ലുവിളിച്ചു.

> ''നിങ്ങൾ ഭയപ്പെടുന്നതെന്ത്? നിങ്ങൾക്ക് വിശ്വാസമില്ലേ?'' രക്ഷ ആവശ്യമാണെന്ന് തിരിച്ചറിയുമ്പോഴാണ് വിശ്വാസം ആരംഭിക്കുന്നത്. നാം സ്വയംപര്യാപ്തരല്ല. തനിച്ചാണെങ്കിൽ നമുക്ക് നമ്മളെ നഷ്ടപ്പെടും. പ്രാചീനകലത്ത് നാവികർക്ക് വഴികാട്ടിയായി നക്ഷത്രങ്ങൾ ആവശ്യമായിരുന്നതു പോലെ നമുക്ക് കർത്താവിനെ ആവശ്യമാണ്. നമ്മുടെ ജീവിത നൗകയിലേക്ക് നമുക്ക് യേശുവിനെ ക്ഷണിക്കാം. നമ്മുടെ ഭയങ്ങളെ നമുക്ക് യേശുവിന് കൈമാറാം. അവിടുന്ന് അവയെ കീഴടക്കും. അവിടുന്നു നമ്മുടെ കപ്പലിലുണ്ടെങ്കിൽ ഒരു കപ്പലപകടവും സംഭവിക്കില്ലെന്ന് ശിഷ്യന്മാർ അനുഭവിച്ചറിഞ്ഞതുപോലെ

നമുക്കും അനുഭവിച്ചറിയാം. നമുക്കു സംഭവിക്കുന്ന എല്ലാ കാര്യങ്ങളേയും നല്ലതിനെയും മോശമായതിനെയും നന്മയ്ക്കാക്കി മാറ്റാൻ കഴിയുന്ന ദൈവത്തിന്റെ ശക്തി ഇവിടെ പ്രവർത്തിക്കുന്നു. നമ്മുടെ ജീവിതത്തിലെ കൊടുങ്കാറ്റി ലേക്കു പോലും അവിടുന്ന് ശാന്തത കൊണ്ടുവരുന്നു. കാരണം ദൈവം കൂടെയുള്ളപ്പോൾ ജീവിതത്തിനു മരണമില്ല.

17. എല്ലാം താളം തെറ്റി പോകുന്നു എന്നു തോന്നിക്കുന്ന ഈ പ്രത്യേകസാഹചര്യത്തിൽ, ജീവിതപ്രയാസങ്ങൾക്കിടയിലാണെ കിലും ഉണർന്നു പ്രവർത്തിക്കാനും ശക്തിയും പിന്തുണയും പ്രദാനം ചെയ്യുന്ന സഹാനുഭാവവും പ്രത്യാശയും പ്രാവർത്തികമാക്കാനും കർത്താവ് നമ്മോടാവശ്യപ്പെടുന്നുണ്ട്. ഉയിർപ്പിന്റെ വിശ്വാസത്തെ പുനർജ്ജീവിപ്പിക്കാനും പുനരുദ്ധരിക്കാനും കർത്താവ് നമ്മെ ഉദ്ബുദ്ധനാക്കുന്നു. നമുക്കൊരു ആശ്രയമുണ്ട്; അവിടുത്തെ കുരിശിനാൽ നാം രക്ഷിക്കപ്പെട്ടിരിക്കുന്നു. നമുക്കൊരു അമരക്കാരനുണ്ട്; അവിടുത്തെ കുരിശിനാൽ നാം വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. നമുക്കൊരു പ്രത്യാശയുണ്ട്; അവിടുത്തെ കുരിശിനാൽ നമ്മൾ സാധ്യമാക്കപ്പെടുകയും ആലിംഗനം ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ ഒരു വസ്തുവിനോ വ്യക്തിക്കോ അവിടുത്തെ വീണ്ടെടുക്കുന്ന സ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്താനാവില്ല. ഏകാന്തവാസത്തിനിടയിൽ ആർദ്രത യുടേയും കൂട്ടായ്മയുടേയും അഭാവത്തിൽ സഹനം നേരിടുമ്പോഴും പല നഷ്ടങ്ങളും അനുഭവിക്കേണ്ടി വരുമ്പോഴും രക്ഷ നൽകുന്ന പ്രഖ്യാപനത്തിലേക്ക് നമുക്കൊന്നുകൂടെ കാതോർക്കാം. അവിടുന്ന് ഉയിർത്തെഴുന്നേൽക്കുകയും നമ്മോടു കൂടെ ജീവിക്കുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തെ നാം വീണ്ടും കണ്ടെത്തുവാനും പ്രതീക്ഷയോടെ നമ്മളെ

ഉറ്റുനോക്കുന്നവരിലേക്ക് ഇറങ്ങിച്ചെല്ലാനും നമ്മുടെ ഉള്ളിലുള്ള കൃപയെ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുവാനും ശക്തി പ്പെടുത്താനും തന്റെ കുരിശിൽ നിന്നു കർത്താവ് നമ്മോട് ആവശ്യപ്പെടുന്നു. ഒരിക്കലും അടിപതറാത്ത, എന്നാൽ ആടിയുലയുന്ന തിരിയെ നമുക്ക് കെടുത്താതിരിക്കാം. *(ഫ്രാൻസിസ് മാർപാപ്പ 27 മാർച്ച് 2020-ന് നടത്തിയ പ്രത്യേക പ്രാർത്ഥനയിൽ നിന്ന്)*

## നമ്മുടെ വിശ്വാസത്തെ പൂർണ്ണതയിലെത്തിക്കുന്ന യേശു

18. പ്രിയ സഹോദരീ സഹോദരന്മാരേ! വേദന നിറഞ്ഞ ഈ സാഹചര്യത്തിൽ, കത്തിക്കൊണ്ടിരിക്കുന്ന സോദോം നഗരത്തിലേക്ക് തിരിഞ്ഞു നോക്കുകയും ഉപ്പുതൂണായി (ഉല്പത്തി 19:26) തീരുകയും ചെയ്ത ലോത്തിന്റെ ഭാര്യയുടെ തെറ്റ് നമുക്ക് ആവർത്തിക്കാതിരിക്കാം. "നമ്മുടെ പൗരത്വം സ്വർഗ്ഗ ത്തിലാണെന്നും അവിടെ നിന്ന് ഒരു രക്ഷകനെ, കർത്താവായ യേശുക്രിസ്തുവിനെ നാം കാത്തിരിക്കുന്നു" (ഫിലിപ്പി. 3:20) എന്നും മനസ്സിലാക്കി ഈ ലോകയാഥാർത്ഥ്യങ്ങളെ അതായിരിക്കുന്ന അവസ്ഥയിൽ സ്വീകരിച്ചുകൊണ്ട് നാം മുന്നോട്ട് നീങ്ങണം. നമ്മൾ നേരിടുന്ന ദൈനംദിന പ്രശ്നങ്ങൾക്ക് ഇതു പരിഹാരമാകുന്നില്ല. എന്നാൽ ലോകത്തിലെ ദുര്യോഗ ങ്ങൾക്കിടയിൽ ഈ തിരിച്ചറിവ് നമ്മെ പ്രത്യാശയുടെ ചക്രവാളത്തിലേയ്ക്ക് നയിക്കുന്നു. പീഡനവും ഞെരുക്കവും നേരിട്ടിരുന്ന ആദിമ ക്രിസ്തീയ സമൂഹത്തിന് ധൈര്യം പകരാൻ ഹെബ്രായർക്കെഴുതിയ ലേഖനം, വിശ്വാസ സാക്ഷികളുടെ ഒരു വലിയ പട്ടിക തന്നെ നൽകുന്നുണ്ട്. (Cf. ഹെബ്രായർ 11) "സാക്ഷികളുടെ ഈ വലിയ സമൂഹത്തിനു" ശേഷം ഹെബ്രായർ ക്കെഴുതിയ ലേഖനം ഇങ്ങനെ തുടരുന്നു. "നമ്മെ വിഷമിപ്പിക്കുന്ന ഭാരവും പാപവും നമുക്ക് നീക്കിക്കളയാം. നമുക്കായി

നിശ്ചയിച്ചിരിക്കുന്ന ഈ ഓട്ടപ്പന്തയം സ്ഥിരോത്സാഹത്തോടെ നമുക്ക് ഓടിത്തീർക്കാം. നമ്മുടെ വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണ്ണതയിലെത്തിക്കുന്നവനുമായ യേശുവിനെ മുന്നിൽ കണ്ടുകൊണ്ടു വേണം നാം ഓടാൻ. അവൻ തനിക്കുണ്ടായിരുന്ന സന്തോഷം ഉപേക്ഷിച്ച്, അവമാനം വകവയ്ക്കാതെ കുരിശ് ക്ഷമയോടെ സ്വീകരിച്ചു. ദൈവസിംഹാസനത്തിന്റെ വലതുഭാഗത്ത് അവൻ അവരോധി ക്കപ്പെടുകയും ചെയ്തു.'' (ഹെബ്രായർ 12:1-2) മഹാമാരി കളുടെയും, യുദ്ധങ്ങളുടെയും, സാമ്പത്തിക പ്രശ്ന ങ്ങളുടെയും മറ്റു പ്രതിസന്ധികളുടെയും നിരന്തര ഭീഷണിയിൽ ജീവിച്ചു മുന്നോട്ടു പോകേണ്ടി വരുമ്പോൾ, വിശ്വാസത്തിന്റെ നാഥനും പരിപൂർണ്ണനുമായ യേശുവിനെ മുന്നിൽ കാണുക നമുക്കൊരു വെല്ലുവിളിയാണ്.

19. പ്രത്യാശയുടെ സാക്ഷ്യവും സന്ദേശവുമാണ് ഇത്തരം സന്ദർഭങ്ങളിൽ നമുക്കു പരസ്പരം കൈമാറാവുന്ന ഏറ്റവും നല്ല കാര്യം നമുക്കുണ്ടായ തിക്താനുഭവങ്ങളെക്കുറിച്ച് നിരന്തരം പരാതിപ്പെടുന്നതിൽ യാതൊരു അർത്ഥവുമില്ല. ''പിന്നിലുള്ളവയെ വിസ്മരിച്ച് മുൻപിലുള്ളവയെ ലക്ഷ്യമാക്കി മുന്നേറുവാൻ'' (ഫിലിപ്പി. 3:13) വിളിക്കപ്പെട്ടവരാണ് നമ്മൾ. അനുദിന ബുദ്ധിമുട്ടുകൾക്കതീതമായി, ''യേശുക്രിസ്തുവിലൂടെ ഉന്നതത്തി ലേക്കുള്ള ദൈവത്തിന്റെ വിളിയാകുന്ന സമ്മാനത്തിലേക്ക്'' (ഫിലിപ്പി. 3:14) നോക്കുന്ന ജീവിതത്തിന്റെ ഒരു കാഴ്ചപ്പാടാണത്. പീഡാനുഭവത്തിനു മുമ്പുള്ള ഈശോയുടെ പ്രാർത്ഥനയിലും ഇക്കാര്യം തന്നെയാണ് പ്രതിപാദിക്കുന്നത്. ''ലോകത്തിൽ നിന്ന് അവരെ എടുക്കണം എന്നല്ല ദുഷ്ടനിൽ നിന്ന് അവരെ കാത്തുകൊള്ളണം എന്നാണ് ഞാൻ പ്രാർത്ഥിക്കുന്നത്. ഞാൻ ലോകത്തിന്റേതല്ലാത്തതുപോലെ അവരും ലോകത്തിന്റേതല്ല.

അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ. അവിടുത്തെ വചനമാണ് സത്യം.''(യോഹ. 17, 15-17) സത്യത്താൽ വിശുദ്ധീകരിക്കപ്പെടുക എന്നാൽ നമ്മുടെ വിശ്വാസത്തിന്റെ നാഥനും പൂർണ്ണനുമായ യേശുക്രിസ്തുവിലേക്ക് ഉറ്റുനോക്കുക എന്നും ദൈനംദിന ജീവിതത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെ നമ്മുടെ ജീവിത ചക്രവാളത്തെ പരിമിതപ്പെടുത്താൻ അനുവദിക്കാതിരിക്കുകയും ചെയ്യുക എന്നാണ്.

20. ''നമ്മുടെ വിശ്വാസത്തിന്റെ നാഥനും പരിപൂർണ്ണനുമായ യേശുവിലേക്കു നോക്കുക'' എന്നത് നമ്മുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ നാം പ്രാവർത്തികമാക്കേണ്ടതുണ്ട്. വലിയ ശബ്ദകോലാഹലമുണ്ടാക്കാതെ ഈ മഹാമാരിക്കാലത്ത് ദൈവം ആഗ്രഹിക്കുന്നതു പോലെ ജീവകാരുണ്യ പ്രവർത്തനം ചെയ്യുന്ന ചിലരുണ്ട്. ബുദ്ധിമുട്ടിലൂടെ കടന്നു പോകുന്ന തന്റെ അയൽക്കാരെ അവർ സഹായിക്കുന്നു. അവരോടും അതുപോലെ ജോലിയുടെ ഭാഗമായി കോവിഡ് പ്രതിരോധ മുൻനിരയിൽ നിൽക്കുന്നവരോടും ഞാൻ നന്ദി പറയുന്നു. ക്രിസ്തീയ സമൂഹത്തിനുള്ളിലെ ജീവകാരുണ്യപ്രവർത്തനങ്ങൾ ഐക്യദാർഢ്യത്തോടെ തുടരുവാൻ നമ്മുടെ ഇടവകകളിലെ വ്യക്തികളോടും കൂട്ടായ്മകളോടും ഞാൻ ആവശ്യപ്പെടുന്നു. യാക്കോബ് ശ്ളീഹാ തന്റെ ലേഖനത്തിൽ ഉപയോഗിക്കുന്ന ശക്തമായ വാക്കുകൾക്ക് ഈ സാഹചര്യത്തിൽ ഏറെ പ്രസക്തിയുണ്ട്. ''എന്റെ സഹോദരരെ, വിശ്വാസമുണ്ടെന്ന് പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്ത് മേന്മയാണുള്ളത്? ഈ വിശ്വാസത്തിന് അവരെ രക്ഷിക്കാൻ കഴിയുമോ? ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിന് ഭക്ഷണമോ വസ്ത്രമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളാരെങ്കിലും ശരീരത്തിനാവശ്യമായത് അവർക്കു കൊടുക്കാതെ, സമാധാനത്തിൽ പോവുക, തീ കായുക, വിശപ്പടക്കുക

എന്നൊക്കെ അവരോട് പറയുന്നെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം? പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജീവമാണ്". (യാക്കോബ് 2:14-17)

## അസാധാരണമായ അവസ്ഥയിലുള്ള കൂദാശാ ജീവിതം

21. ഒരു പുതിയ അധ്യയനവർഷം നാം ഉടൻ ആരംഭിക്കുകയാണ്. അപ്പോൾ വിദ്യാഭ്യാസപരമായും അജപാലനപരമായുമുള്ള പ്രവർത്തനങ്ങൾ പുനക്രമീകരിക്കേണ്ടതുണ്ട്. പല കാര്യങ്ങളും മുമ്പത്തേതിൽ നിന്നും തികച്ചും വ്യത്യസ്തമായി തോന്നാം. എന്നിരുന്നാലും നാം ഒന്നിച്ചു പ്രവർത്തിക്കണം. ദൈവകൃപയാൽ ഈ പ്രയാസകരമായ സാഹചര്യത്തിലും ഏറ്റവും മികച്ചത് നടപ്പിലാക്കാൻ നമുക്ക് സാധിക്കും. കുർബ്ബാനയുടെ സമയക്രമം രൂപീകരിക്കുക, കൂദാശകളുടെ (മാമ്മോദീസ, ദിവ്യകാരുണ്യ സ്വീകരണം, സ്ഥൈര്യലേപനം) ആഘോഷങ്ങൾ ചെറുസംഘ ങ്ങളാക്കുക, ഓൺലൈൻ മാധ്യമങ്ങൾ വഴി ചെറുസംഘങ്ങളായി വേദപഠനം നടപ്പിലാക്കുക തുടങ്ങി കാര്യങ്ങൾക്കുള്ള പദ്ധതി രൂപീകരിക്കുന്നതിന് നല്ല ക്ഷമ ആവശ്യമാണ്. എന്നാൽ ഈ വെല്ലുവിളികളെ നേരിടാൻ നമ്മെ സഹായിക്കാനാവുന്ന നിരവധി പ്രതിഭകൾ നമുക്കിടയിലുണ്ടെന്ന് എനിക്കുറപ്പുണ്ട്. വൈദികർക്കും മതബോധമുള്ളവർക്കും മാത്രമല്ല, ഓരോ വിശ്വാസിക്കും മാമ്മോദീസയിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ പ്രവർത്തനങ്ങളിൽ സഹശില്പിയാകുന്നതിനുള്ള കഴിവും കല്പനയും ലഭിച്ചിട്ടുണ്ട്. അനുദിനജീവിതത്തിൽ യഥാർത്ഥ ക്രിസ്തീയ സ്നേഹത്തോടെ മറ്റുള്ളവരുമായി ഇടപഴകുന്ന എല്ലാവർക്കും കുടുംബങ്ങളും കൂട്ടായ്മകളും തമ്മിലുള്ള ആത്മീയബന്ധം വളർത്തുന്നതിൽ സഹായിക്കാനാവും. നമുക്കു ചുറ്റുമോ നാം ഉൾക്കൊള്ളുന്ന ചെറിയ സമൂഹങ്ങൾക്കുള്ളിലോ മാത്രം കേന്ദ്രീകരിച്ചു കൊണ്ടുള്ള

പ്രവർത്തനം എന്ന മനോഭാവത്തിൽ നിന്ന് നാം പുറത്തു വരണം. യുഎഇ-യിലും ഒമാനിലും അൽമായരുടെ വലിയ പങ്കാളിത്തമുള്ള പദ്ധതി ഞാൻ തുടങ്ങിയതിന് കാരണമിതാണ്. കോവിഡ് സാഹചര്യത്തിൽ ഈ പദ്ധതികൾ താത്ക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ ആവശ്യമായതും സാധ്യമായതും ചെയ്യാൻ പരിശുദ്ധാത്മാവ് നമ്മെ പ്രാപ്തരാക്കുമെന്ന് എനിക്കുറപ്പുണ്ട്. നമ്മുടെ വിശ്വാസത്തിന്റെ നാഥനും പരിപൂർണ്ണനുമായ യേശുവിലേക്ക് ഉറ്റുനോക്കുന്ന ഓരോരുത്തർക്കും ലഭ്യമാകുന്ന ആത്മവിശ്വാസവുമായി നാം മുന്നോട്ടു നീങ്ങുന്നു.

22. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ എല്ലാ കൂദാശ നിർവ്വഹണങ്ങളും പുനരാരംഭിക്കാൻ തല്ക്കാലത്തേക്ക് സാധ്യമല്ല. നിങ്ങളിൽ മിക്കവർക്കും 'കടമുള്ള ദിവസങ്ങളിലെ' കുർബാനകൾക്ക് പോലും പോകാനുള്ള സാധ്യതയുമുണ്ടാവില്ല. മഹാമാരിയുടെ ഇപ്പോഴത്തെ അവസ്ഥയും അതുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളും തുടരുന്നിടത്തോളം കാലത്തേയ്ക്ക് ഞായറാഴ്ച കുർബാനയിൽ പങ്കെടുക്കണമെന്നുള്ള കടം ഇളവു ചെയ്തിരിക്കുകയാണ്. വാർഷിക കുമ്പസാരം, ഉയിർപ്പു തിരുനാളിലെ കുർബ്ബാന സ്വീകരണം എന്നീ കാനോനിക കടങ്ങളും ഇളവു ചെയ്തിട്ടുണ്ട്. എന്നിരുന്നാലും, ഞായറാഴ്ചകളിൽ കർത്താവിനെ ആരാധിക്കുന്നതിനുള്ള കടം ഒരിക്കലും ഇളവ് ചെയ്തിട്ടില്ല. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കില്ലെങ്കിലും മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും ഞായറാഴ്ചകളിൽ ആരാധനയ്ക്കും കൃതജ്ഞതാ സമർപ്പണ ത്തിനും മധ്യസ്ഥ പ്രാർത്ഥനയ്ക്കും പ്രത്യേകമായി അല്പസമയം ചിലവഴിക്കണമെന്ന കടം നിലനിൽക്കുന്നു. ദേവാലയത്തിൽ പോകാൻ സാധിക്കാത്തവർ ഒറ്റയ്ക്കോ കുടുംബത്തോടൊപ്പമോ ചെറിയ കൂട്ടായ്മയായോ ഇന്റർനെറ്റിലൂടെ സംപ്രേഷണം

ചെയ്യുന്ന തത്സമയ കുർബാനകൾ സംബന്ധിക്കാൻ ശ്രദ്ധിക്കണം. നമ്മുടെ മിക്ക ഇടവകകളിലും ഇന്റർനെറ്റിലൂടെ തത്സമയ കുർബാന സംപ്രേഷണം തുടരും.

23. ബൈബിൾ വായിക്കുക, ജപമാല ചൊല്ലുക, ദുരിതകാലത്തെ ആത്മീക സമ്പത്തായി സുവിശേഷത്തിലെയും സങ്കീർത്തന ങ്ങളിലെയും പ്രധാന വചനങ്ങൾ മനഃപാഠമാക്കുക. അനുരഞ്ജനത്തിന്റെ കൂദാശ നടത്തുവാൻ പരിമിധി കളുള്ളതിനാൽ ചില കുർബാനകൾക്ക് മുമ്പ് അനുതാപ ശുശ്രൂഷ നടത്തി പൊതുവായ പാപമോചനാശീർവാദം നൽകുവാൻ വൈദികർക്ക് ഞാൻ അനുവാദം കൊടുത്തിട്ടുണ്ട്. പൊതുവായ പാപമോചനാശീർവാദം നൽകുന്ന ദിവസങ്ങൾ ഏതൊക്കെയെന്ന് വിശ്വാസികളെ മുൻകൂട്ടി അറിയിക്കണമെന്ന കാര്യം ഞാൻ വൈദികരെ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു. മറ്റു കൂദാശകൾ എവിടെ എങ്ങനെ നല്കപ്പെടും എന്നത് ഓരോ ഇടവകയിലെയും എമിറേറ്റിലേയും രാജ്യത്തേയും സാഹചര്യമനുസരിച്ച് തീരുമാനി ക്കേണ്ടതാണ്. നടപടിക്രമങ്ങൾ സുഗമമായി നടപ്പാക്കുന്നതു സംബന്ധിച്ച് വൈദികർക്ക് ഞാൻ ചില നിയമങ്ങൾ നൽകിയിട്ടുണ്ട്.

## “പ്രഭാതത്തിലും പ്രദോഷത്തിലും ദൈവം നമ്മോടുകൂടെ”

24. ദൈവശാസ്ത്രജ്ഞനായ ഡിയട്രിച്ച് ബോൺഹോഫറിന്റെ പ്രാർത്ഥനാ കാവ്യത്തിന്റെ അവസാന വരികൾ ഉദ്ധരിച്ചു കൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 75 വർഷ ങ്ങൾക്ക് മുമ്പ് നാസികളുടെ കീഴിൽ രക്തസാക്ഷിത്വം വരിക്കു ന്നതിന് കുറച്ചു മാസങ്ങൾക്കു മുമ്പ് അദ്ദേഹം തടവറയിൽ നിന്ന് തന്റെ പ്രിയപ്പെട്ടവർക്കെഴുതിയതായിരുന്നു ഈ കാവ്യം. നമ്മുടെ പലരുടെയും ജീവിതവുമായി നന്നായി യോജിക്കുന്ന താണ് ഈ വരികൾ.

സ്നേഹത്തിൽ വിസ്മയകരമായ് അഭയം നൽകപ്പെട്ട്
ആഗതമാകുന്നതിനെ നിർഭയം കാത്തിരിക്കുന്നു ഞങ്ങൾ
പ്രഭാതത്തിലും പ്രദോഷത്തിലും ഒപ്പമുണ്ട് ദൈവം
നിശ്ചയമായും ദിനംതോറും

നാം ഈ ലോകത്തിലാണ് ജീവിക്കുന്നതെങ്കിലും ഈ ലോകത്തിന്റേതല്ല എന്ന രഹസ്യത്തെ ആഴത്തിൽ മനസ്സിലാക്കുന്നതിന് പരിശുദ്ധാത്മാവ് നമ്മെ ഓരോരുത്തരെയും നയിക്കട്ടെ. ഇതേക്കുറിച്ചുള്ള ബോധ്യം വരുംമാസങ്ങളിൽ നമുക്കഭിമുഖീകരിക്കേണ്ടി വരുന്ന വെല്ലുവിളികളെ ശാന്തതയോടെ നേരിടാൻ നമുക്ക് ആന്തരിക സ്വാതന്ത്ര്യം നൽകട്ടെ.

"ലോകാവസാനം വരെ ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും" (Cf മത്തായി 28:20) എന്നു ശിഷ്യന്മാരോട് വാഗ്ദാനം ചെയ്ത നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സംരക്ഷണം, അറേബ്യാ മാതാവിന്റെ മധ്യസ്ഥതയിലൂടെ നിങ്ങൾക്കെല്ലാവർക്കും ഞാൻ ആശംസിക്കുന്നു.

അനുഗ്രഹങ്ങളോടെ,

+ പോൾ ഹിന്റർ OFM Cap.
അപ്പസ്തോലിക് വികാർ ഓഫ് സതേൺ അറേബ്യാ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ഓഫ് നോർത്തേൺ
അറേബ്യാ

അബുദാബി, ഓഗസ്റ്റ് 7, 2020

# Apostolic Vicariate of Southern Arabia

The Catholic Church in UAE, Oman & Yemen

P.O. Box 54, Abu Dhabi
United Arab Emirates.
Tel: +971 2 446 1895
Email: info@avosa.org
www.avosa.org
@avosarabia